"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ആലപ്പുഴ ചേർത്തല കോക്കമംഗലം സെന്റ് ആന്റണീസ് എച്ച്.എസ് ലെ എൽ.പി.എസ്.ടി ശ്രീമതി നിത മേരി ടോം സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5824/2025/GEDN തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:- 1) ശ്രീമതി നിത മേരി ടോം സർക്കാരിൽ സമർപ്പിച്ച 04.03.2025 ലെ റിവിഷൻ ഹർജി.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.05.2025 ലെ ഇസി1/9199/2025/ ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചേർത്തല കോക്കമംഗലം സെന്റ് ആന്റണീസ് എച്ച്.എസ് ലെ ശ്രീമതി നിത മേരി ടോം ന്റെ 06.09.2021 മുതലുള്ള എൽ.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി ടിയാൾ സർക്കാരിൽ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവിഷൻ ഹർജി വിശദമായി പരിശോധിക്കുന്നതിനായി പരാതിക്കാരിയ്ക്കും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. പരാതിക്കാരിയുടെയും കോർപ്പറേറ്റ് മാനേജരുടെയും വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:

എറണാകുളം അങ്കമാലി കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലുള്ള കോക്കമംഗലം സെന്റ് ആന്റണീസ് ഹൈസ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി ലൗലി ജോണിനെ 03.06.2019 മുതൽ യു.പി.എസ്.ടി ആയി ലാവണം ക്രമീകരിച്ച് നിയമിച്ച ഒഴിവിൽ ശ്രീമതി നിത മേരി ടോം നെ 6/09/2021 മുതൽ എൽ.പി.എസ്.ടി ആയി നിയമിച്ചെങ്കിലും പ്രസ്തുത തസ്തിക സംരക്ഷിതാധ്യാപകർക്കായി മാറ്റിവയ്ക്കപ്പെട്ടതാണെന്ന കാരണത്താൽ ടി നിയമനം വിദ്യാഭ്യാസ അധികാരികൾ നിരസിക്കുകയുണ്ടായി. തുടർന്നു മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ വിദ്യാഭ്യാസ അധികാരികളുടെ വാദഗതികൾ മാത്രം പരിഗണിച്ചാണ് നിരസിച്ചതെന്നും മാനേജർക്കോ, പരാതിക്കാരിയ്ക്കോ വാദഗതികൾ ഉന്നയിക്കാൻ അവസരം നൽകിയില്ലെന്നുമാണ് പരാതി. ടി സ്കൂളിന്റെ 2017-18 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം, പ്രൈമറി വിഭാഗത്തിൽ കെ.ഇ.ആർ അധ്യായം 23 ചട്ടം 1 (ബി) പ്രകാരം 4 എൽ.പി.എസ്.ടി തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. പ്രൈമറി വിഭാഗം ഷിഫ്റ്റിലല്ല എന്നാണ് ഉത്തരവിൽ കാണുന്നത്. ഇപ്രകാരം 4 എൽ.പി.എസ്.ടി തസ്തികകളാണ് 2018-19 മുതൽ 2023-24 വരെ അനുവദിച്ചിട്ടുള്ളത്. പ്രൈമറി വിഭാഗത്തിൽ 1 മുതൽ 4 വരെ 4 ക്ലാസ്സുകളും അതിനനുസൃതമായി 4 എൽ.പി.എസ്.ടി തസ്തികകളും അനുവദിച്ചിട്ടുണ്ട്. അതിലൊന്നിലാണ് ശ്രീമതി.നിത മേരി ടോം നെ നിയമിച്ചിട്ടുള്ളതെന്നതിനാൽ ടിയാളുടെ 06/09/2021

മുതലുള്ള നിയമനം അംഗീകരിക്കാൻ ഉത്തരവുണ്ടാകണം."

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന എറണാകുളം അങ്കമാലി അതിരൂപത വിദ്യാഭ്യാസ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള പുതിയതായി ഉയർത്തപ്പെട്ട വിഭാഗത്തിൽപ്പെട്ട കോക്കമംഗലം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ശ്രീമതി.ലൗലി ജോൺ എൽ.പി.എസ്.റ്റി യുടെ ലീൻ യു.പി.എസ്.റ്റി തസ്തികയിലേയ്ക്ക് 15/07/2014 മുതൽ ക്രമീകരിച്ച ഒഴിവിൽ ശ്രീമതി നീത മേരി ടോം നെ കോർപ്പറേറ്റ് മാനേജർ 06/09/2021 മുതൽ നിയമിച്ചു. ലീൻ ക്രമീകരണ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കിയില്ല, 2014 മുതൽ ടി ഒഴിവ് ഏത് വിധത്തിലാണ് നിയമന തീയതി വരെ ക്രമീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുന്നില്ല, ടി മാനേജ്മെന്റ് ഇവരുടെ അധികാര പരിധിയിലുള്ള കുമ്പളം സെന്റ് മേരീസ് യു.പി. സ്കൂളിൽ 2016-17 മുതൽ 2019-20 വരെ നടത്തിയ 6 അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിലേയ്ക്കായി 26/02/2021 ലെ എച്ച്2/19500/19/ഡി.ജി.ഇ സർക്കുലർ പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനായി ഒഴിവുകൾ നീക്കിവെയ്ക്കാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്, സ.ഉ (പി) 4/2021/പൊ.വി.വ തീയതി 6/02/2021 പ്രകാരം മേലൂർ സെന്റ് ജോസഫ് ഹൈസ്കൂളിൽ ചിത്രകലാദ്ധ്യാപക നിയമനവും നൽകിയിട്ടുണ്ട്, എന്നാൽ മാനേജർ ടി വ്യവസ്ഥകൾ പാലിച്ചിതായി കാണുന്നില്ല, ഭിന്നശേഷി സംവരണം പാലിച്ചില്ല എന്നീ കാരണങ്ങളാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ച് നൽകിയിരുന്നു. കോക്കമംഗലം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ 2014-15 വർഷം ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയതിനെ തുടർന്ന് ഒരു എൽ.പി.എസ്.റ്റി. തസ്തിക (നാലാമത്തെ എൽ.പി.എസ്.റ്റി തസ്തിക) ലഭിച്ചിരുന്നു. ടി ഒഴിവിൽ ടി മാനേജ്മെന്റിൽ തസ്തിക നഷ്ടം സംഭവിച്ച അദ്ധ്യാപകരെ നിയമിക്കാനും ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയതുമൂലമുള്ള ഒഴിവിൽ മറ്റ് നിയമനങ്ങൾ നടത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 06/06/2019 ൽ ഇതേ ഒഴിവിൽ മാനേജർ എഫ്.ടി.എം ആയിരുന്ന ശ്രീ.ജോസഫ് പാലക്കാപ്പള്ളിയെ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. അതിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തടസ്സവാദം ഉന്നയിച്ചതിനെ തുടർന്ന് ഇത് ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയതു മൂലം ലഭിച്ച ഒഴിവാണെന്ന് മാനേജർ അംഗീകരിക്കുകയും ശ്രീ.ജോസഫ് പാലാക്കാപ്പള്ളിയുടെ സ്ഥാനക്കയറ്റ നിയമനം റദ്ദ ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ എറണാകുളം-അങ്കമാലി അതിരൂപത വിദ്യാഭ്യാസ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള കോക്കമംഗലം സെന്റ് ആന്റണീസ് ഹൈസ്കൂളിലെ ശ്രീമതി നീത മേരി ടോമിനെ നിയമിച്ച 06/09/2021 മുതലുള്ള എൽ.പി.എസ്.റ്റി തസ്തികയിലെ ഒഴിവ് ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായതായതിനാൽ ടി ഒഴിവിൽ മാനേജ്മെന്റിന്റെ കീഴിൽ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെയോ അവരുടെ അഭാവത്തിൽ സംരക്ഷിതാധ്യാപകരെയോ മാത്രമേ നിയമിക്കാവൂ.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജിയിലെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ഷിഫ്റ്റ് നിലനിൽക്കുമ്പോൾ സ്കൂളിന് 3 എൽ.പി.എസ്.ടി. തസ്തികകൾ അനുവദിച്ചിരുന്നെങ്കിലും ഷിഫ്റ്റ് സമ്പ്രദായം അവസാനിച്ചതിന് ശേഷം 4 എൽ.പി.എസ്.ടി. തസ്തികകൾ അനുവദിച്ചു. കോക്കമംഗലം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ 2014-15 വർഷം ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയതിനെ തുടർന്ന് ഒരു എൽ.പി.എസ്.റ്റി. തസ്തിക (നാലാമത്തെ എൽ.പി.എസ്.റ്റി തസ്തിക) ലഭിച്ചിരുന്നു. ടി ഒഴിവിൽ ടി മാനേജ്മെന്റിൽ തസ്തിക നഷ്ടം സംഭവിച്ച

അദ്ധ്യാപകരെയോ സംരക്ഷിത അദ്ധ്യാപകരെയോ മാത്രമേ നിയമിക്കാവൂ. പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് മാനേജർ ശ്രീമതി. നിത മേരി ടോമിനെ നിയമിച്ചത്. ശ്രീമതി.നിത മേരി ടോമിന്റെ 06.09.2021 ലെ എൽ.പി.എസ്.ടി തസ്തികയിലെ നിയമനാംഗീകാരത്തിനായി കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച നിവേദനം, ടി സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതു വഴി ലഭിച്ച അധിക തസ്തികയിൽ സംരക്ഷിത അധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്നതിനാൽ, ടി അധിക തസ്തികയിൽ നിയമിച്ച ശ്രീമതി.നിത മേരി ടോം ന്റെ നിയമനം, 04.04.2025 ലെ ഇ1/313/2023/പൊ.വി.വ സർക്കാർ കത്ത് പ്രകാരം നിരസിച്ചിരുന്നു.

5. മേൽ സാഹചര്യത്തിൽ, എറണാകുളം-അങ്കമാലി അതിരൂപത വിദ്യാഭ്യാസ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള കോക്കമംഗലം സെന്റ് ആന്റണീസ് ഹൈസ്കൂളിലെ ശ്രീമതി നീത മേരി ടോമിന്റെ 06.09.2021 മുതലുള്ള എൽ.പി.എസ്.റ്റി തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച് പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല.
കോർപ്പറേറ്റ് മാനേജർ, അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി,
എറണാകുളം-അങ്കമാലി അതിരൂപത, റിന്യൂവൽ സെന്റർ, കലൂർ, എറണാകുളം.
ശ്രീമതി നിത മേരി ടോം, എൽ.പി.എസ്.ടി, സെന്റ് ആന്റണീസ് എച്ച്.എസ്,
കോക്കമംഗലം, ചേർത്തല, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 27-08-2025 11:58:34
സെക്ഷൻ ഓഫീസർ